**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**(സംഗ്രഹം)**

യു.ജി.സി.യുടെ ധനസഹായത്തോടെ വിവിധ കോളേജുകളിൽ 2018-19 അദ്ധ്യയന വർഷം ബിവോക് കോഴ്സുകൾ ആരംഭിക്കുന്നതിന് വേണ്ടി നിരാക്ഷേപ പത്രം അനുവദിക്കുവാൻ, ടി കോളേജുകളുടെ പഠന, ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി പരിശോധനാ സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം. 7296/എ1/1/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 09.10.2018

---

പരാമർശം : 1. ബി വോക് കോഴ്സുകൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് വിവിധ കോളേജുകളുടെ പ്രിൻസിപ്പൽമാർ സമർപ്പിച്ച അപേക്ഷകൾ

2. സിൻഡിക്കേറ്റ് Minutes Item No.39/1808/186147 dated 26.09.2018

## <u>ഉത്തരവ്</u>

യു.ജി.സി.യുടെ ധനസഹായത്തോടെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ കീഴിൽ, 2018-19 അദ്ധ്യയന വർഷം പുതിയ ബി.വോക് കോഴ്സുകൾ തുടങ്ങുവാനുള്ള നിരാക്ഷേപ പത്രത്തിനു വേണ്ടി, യഥാക്രമം പരാമർശം (1), പ്രകാരം വിവിധ കോളേജ് പ്രിൻസിപ്പൽമാർ അപേക്ഷകൾ സമർപ്പിച്ചിരുന്നു

സർവ്വകലാശാല ടി അപേക്ഷകൾ പരിഗണിക്കുകയും, സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതി-അഫിലിയേഷൻ പരാമർശം (2) പ്രകാരം, ടി കോളേജുകളിൽ മേൽപ്പറഞ്ഞ കോഴ്സുകൾ തുടങ്ങുവാനുള്ള പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുന്നതിനായി താഴെപ്പറയും പ്രകാരം, പരിശോധനാ സമിതിയെ നിയമിക്കുവാൻ തീരുമാനിച്ചു.

| Sl.No. | Colleges | Inspection Commission |
|---|---|---|
| 1. | Al Ameen College, Edathala | 1.Dr.M.S.Murali, Member Syndicate<br>2. Dr.C.Shivakumar, Maharajas College |
| 2. | S D College,Kanjirappally | 1.Prof.Tomichan Joseph, Member Syndicate<br>2.Paul V Kunnamthanam, St.Thomas College,Pala |
| 3. | St.Thomas College,Pala | 1 .Dr.R.Pragash, Member Syndicate<br>2.Sijimol C.C, K E College ,Mannanam<br>3.R.Kavitha, Govt.College, Kottayam |

കോളേജ് പ്രിൻസിപ്പൽമാർ, പരിശോധന തീയതി നിശ്ചയിക്കുന്നതിനായി പരിശോധനാ സമിതി അംഗങ്ങളെ സമീപിക്കേണ്ടതാണ്. അതുപോലെ പരിശോധന ഫീസ് ഇനത്തിൽ ഒരംഗത്തിന് 3,000/- രൂപ വീതം സർവ്വകലാശാലയിൽ അടയ്ക്കേണ്ടതുമാണ്.

പരിശോധനാ സമിതി പരിശോധന നടത്തിയതിനുശേഷം, റിപ്പോർട്ട് എത്രയും പെട്ടെന്ന് സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ പ്രത്യേക ശുപാർശകളോടെ, സർവ്വകലാശാല രജിസ്ട്രാറിനു സമർപ്പിക്കേണ്ടതാണ്.

പരിശോധനാ സമിതി അംഗങ്ങൾക്ക് നിയമ പ്രകാരമുള്ള യാത്രാ/ദിന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക വിഭാഗം 1)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:.

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ
2. ബന്ധപ്പെട്ട പരിശോധനാ സമിതി അംഗങ്ങൾക്ക്
3. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഫിനാൻസ്)
6. എസി.സി1/എഡി.ബി 6/ഓഡിറ്റ് 5/ഫിനാൻസ്
7. ഗവ. ഓഡിറ്റർ
8. പി.ആർ.ഒ/കൺസെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
9. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/1/5414/2018(ഭാഗം 1)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ